23587
7/11/17

File No.LBRD-C3/154/2017-LBRD

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യാവസായിക പരിശീലന വകുപ്പ് - കണ്ണൂർ ജില്ലയിലെ പടിയൂരിൽ പുതിയ സർക്കാർ ഐ.ടി.ഐ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

**സ.ഉ.(കൈ) നം./96/2017/തൊഴിൽ** തീയതി,തിരുവനന്തപുരം, 05/11/2017

പരാമർശം:- ട്രെയിനിംഗ് ഡയറക്ടറുടെ 05/06/2017-ലെ ഐ4/20163/16 എന്ന നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2016 - 17 ബഡ്ജറ്റ് പ്രകാരം, പടിയൂർ ഉൾപ്പെടെ സംസ്ഥാനത്ത് 4 പുതിയ ഐ.ടി.ഐകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഐ.ടി.ഐ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ, പടിയൂരിൽ പുതിയ ഐ.ടി.ഐ 2016 – 17 സാമ്പത്തിക വർഷത്തിൽ ആരംഭിക്കാൻ കഴിഞ്ഞില്ല. പടിയൂർ ഗ്രാമ പഞ്ചായത്തിൽ ഐ.ടി.ഐ തുടങ്ങുന്നതിനുവേണ്ടി ആവശ്യമായ സ്ഥലവും കെട്ടിട നിർമ്മാണം പൂർത്തിയാകുന്നതുവരെ ഐ.ടി.ഐ പ്രവർത്തിപ്പിക്കാനാവശ്യമായ താൽക്കാലിക സൗകര്യവും സൗജന്യമായി ലഭ്യമാക്കാമെന്ന് ഗ്രാമ പഞ്ചായത്ത് അധികൃതർ സമ്മതം അറിയിച്ചിട്ടുണ്ട്. ആ സാഹചര്യത്തിൽ പടിയൂരിൽ പുതിയ സർക്കാർ ഐ.ടി.ഐ സ്ഥാപിക്കുന്നത് സംബന്ധിച്ച് വിശദമായ ശിപാർശ ട്രെയിനിംഗ് ഡയറക്ടർ പരാമർശ പ്രകാരം സമർപ്പിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പടിയൂരിൽ ഐ.ടി.ഐ തുടങ്ങുന്നതിനുള്ള സ്ഥല ലഭ്യത ഉറപ്പു വരുത്തിയതിനാലും നടപ്പു സാമ്പത്തിക വർഷം എട്ടു കോടി രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ ഉള്ളതിനാലും ഐ.ടി.ഐ. സ്ഥാപിക്കുന്നതിനുള്ള സ്ഥലവും കെട്ടിടവും ഫർണ്ണിച്ചറും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ലഭ്യമാക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി കണ്ണൂർ ജില്ലയിലെ പടിയൂരിൽ ഫിറ്റർ ട്രേഡിന്റെ 2 യൂണിറ്റും അതിനാവശ്യമായ താഴെപ്പറയും പ്രകാരമുള്ള 6 തസ്തികകളോടും കൂടി പുതിയ സർക്കാർ ഐ.ടി.ഐ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | തസ്തികയുടെ പേര് | ശമ്പള നിരക്ക് | എണ്ണം |
|---|---|---|---|
| 1 | പ്രിൻസിപ്പാൾ ക്ലാസ്സ് - II | 42500 - 87000 | 1 |
| 2 | ജൂനിയർ ഇൻസ്ട്രക്ടർ | 26500 - 56700 | 2 |
| 3 | എ.സി.ഡി.ഇൻസ്ട്രക്ടർ | 26500 - 56700 | 1 |
| 4 | എംപ്ലോയബിലിറ്റി സ്കിൽ ഇൻസ്ട്രക്ടർ | On contract basis | 1 |

| | | | |
|---|---|---|---|
| 5 | വർക്ക്ഷോപ്പ് അറ്റൻഡർ | 18000 - 41500 | 1 |
| | ആകെ | | 6 |

3. പ്രസ്തുത ഐ.ടി.ഐ.യിൽ 2 സെക്യൂരിറ്റി ജീവനക്കാരെ കേരള സ്റ്റേറ്റ് എക്സ് സർവ്വീസ് മെൻ ഡവലപ്മെന്റ്& റീഹാബിലിറ്റേഷൻ കോർപ്പറേഷൻ മുഖേനയും ഒരു ശുചീകരണ തൊഴിലാളിയെ കുടുംബശ്രീ മുഖേനയും താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനും അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ടോം ജോസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (516499/H&L-A1/205/2017/Fin. തീയതി 06/10/2017 പ്രകാരം)
പൊതുഭരണ (എസ് സി) വകുപ്പ്. (ഇനം നമ്പർ. 1586)
വിവര പൊതുജന സമ്പർക്ക വകുപ്പ്. (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindu

സെക്ഷൻ ഓഫീസർ.

പകർപ്പ് - തൊഴിൽ വകുപ്പ് മന്ത്രിയുടെ പി.എസ്.

1935501/2017/(C) LBRD

*രഹസ്യം*

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 01-11-2017

ഫയൽ നം.സി3/154/2017/തൊഴിൽ ഇനം നം: 1586

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - കണ്ണൂർ ജില്ലയിലെ പടിയൂരിൽ പുതിയ സർക്കാർ ഐ.ടി.ഐ. ആരംഭിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. കെ.എം. എബ്രഹാം
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

2/11/17

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : C3/154/2017/തൊഴിൽ |
| 2. | വകുപ്പ് | : തൊഴിലും നൈപുണ്യവും (സി) വകുപ്പ് |
| 3. | വിഷയം | : കണ്ണൂർ ജില്ലയിലെ പടിയൂരിൽ പുതിയ<br>: സർക്കാർ ഐ.ടി.ഐ ആരംഭിക്കുന്നത്<br>: സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 23/10/2017 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഉണ്ട്<br>: ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ശ്രീമതി. ആർ. താരാദേവി |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ. ടോം ജോസ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 25/10/2017 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. കെ. എം. എബ്രഹാം |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 25/10/2017 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. ടി.പി.രാമകൃഷ്ണൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 27/10/2017 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 28/10/2017 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കണ്ണൂർ ജില്ലയിലെ പടിയൂരിൽ പുതിയ സർക്കാർ ഐ.ടി.ഐ ആരംഭിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) 2016 - 17 ബഡ്ജറ്റ് പ്രകാരം, പടിയൂർ ഉൾപ്പെടെ സംസ്ഥാനത്ത് 4 പുതിയ ഐ.ടി.ഐകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഐ.ടി.ഐ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യാമാകാത്തതിനാൽ, പടിയൂരിൽ പുതിയ ഐ.ടി.ഐ 2016 – 17 സാമ്പത്തിക വർഷത്തിൽ ആരംഭിക്കാൻ കഴിഞ്ഞില്ല.

3) പടിയൂർ ഗ്രാമ പഞ്ചായത്തിൽ ഐ.ടി.ഐ തുടങ്ങുന്നതിനുവേണ്ടി ആവശ്യമായ സ്ഥലവും കെട്ടിട നിർമ്മാണം പൂർത്തിയാകുന്നതുവരെ ഐ.ടി.ഐ പ്രവർത്തിപ്പിക്കാനാവശ്യമായ താൽക്കാലിക സൗകര്യവും സൗജന്യമായി ലഭ്യമാക്കാമെന്ന് ഗ്രാമ പഞ്ചായത്ത് അധികൃതർ സമ്മതം അറിയിച്ചിട്ടുണ്ട്.

4) ഈ സാഹചര്യത്തിലാണ് ഫിറ്റർ ട്രേഡിന്റെ 2 യൂണിറ്റുകളോടുകൂടി പടിയൂരിൽ പുതിയ സർക്കാർ ഐ.ടി.ഐ ആരംഭിക്കുന്നതിനും ഇതിനാവശ്യമായ 15 തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള ശിപാർശ ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ചത്. ഈ ഇനത്തിൽ 4,85,54,000/- (നാല് കോടി എൺപത്തിഅഞ്ച് ലക്ഷത്തി അമ്പത്തിനാലായിരം) രൂപയുടെ ചിലവ് പ്രതീക്ഷിക്കുന്നുണ്ട്.

5) ഈ വിഷയത്തിൽ ധനകാര്യവകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"2016-17 ബജറ്റ് പ്രസംഗത്തിൽ കണ്ണൂർ ജില്ലയിലെ പടിയൂരിൽ ഐ.ടി.ഐ തുടങ്ങുമെന്ന് പ്രഖ്യാപിച്ചിരുന്നു. ടി ഐ.ടി.ഐ തുടങ്ങുന്നതിനുള്ള സ്ഥല ലഭ്യത ഉറപ്പാക്കിയതിനാലും, നടപ്പ സാമ്പത്തിക വർഷം എട്ടുകോടി രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ ഉള്ളതിനാലും പടിയൂരിൽ ഐ.ടി.ഐ യിൽ ഫിറ്റർ ട്രേഡിന്റെ 2 യൂണിറ്റ് ആരംഭിക്കുന്നതിന് ആദ്യ പടിയായി താഴെ പറയുന്ന പ്രകാരമുള്ള തസ്തികകൾ അനുവദിക്കുന്നു.

| ക്രമ നമ്പർ | തസ്തികയുടെ പേര് | ശമ്പള നിരക്ക് | എണ്ണം |
|---|---|---|---|
| 1 | പ്രിൻസിപ്പാൾ ക്ലാസ്സ് - II | 42500 - 87000 | 1 |
| 2 | ജൂനിയർ ഇൻസ്ട്രക്ടർ | 26500 - 56700 | 2 |
| 3 | എ.സി.ഡി.ഇൻസ്ട്രക്ടർ | 26500 - 56700 | 1 |
| 4 | എംപ്ലോയബിലിറ്റി സ്കിൽ ഇൻസ്ട്രക്ടർ | On contract basis | 1 |
| 5 | വർക്ക്ഷോപ്പ് അറ്റൻഡർ | 18000 - 41500 | 1 |
| ആകെ | | | 6 |

ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

6) മേൽ പറഞ്ഞ തസ്തികകൾ കൂടാതെ, ഐ.ടി.ഐയുടെ സുഗമമായ നടത്തിപ്പിനായി 2 സെക്യൂരിറ്റി ജീവനക്കാരെ കേരള സ്റ്റേറ്റ് എക്സ് സർവ്വീസ് മെൻ ഡവലപ്മെന്റ് & റീഹാബിലിറ്റേഷൻ കോർപ്പറേഷൻ മുഖേനയും ഒരു ശുചീകരണ തൊഴിലാളിയെ കുടുംബശ്രീ മുഖേനയും താല്ക്കാലികാടിസ്ഥാനത്തിൽ നിയമിക്കേണ്ടതുണ്ട്.

7) പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

1 ഐ.ടി.ഐ സ്ഥാപിക്കുന്നതിനുള്ള സ്ഥലവും, കെട്ടിടവും, ഫർണിച്ചറും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ലഭ്യമാക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി, ധനകാര്യ വകുപ്പ് നിർദ്ദേശിച്ചതനുസരിച്ചുള്ള ഫിറ്റർ ട്രേഡിന്റെ 2 യൂണിറ്റുകൾ അനുവദിച്ചുകൊണ്ടും 6 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും കണ്ണൂർ ജില്ലയിലെ പടിയൂരിൽ പുതിയ സർക്കാർ ഐ.ടി.ഐ ആരംഭിക്കുന്നതിന് അനുമതി നൽകാവുന്നതാണോ?

2 പ്രസ്തുത ഐ.ടി.ഐയിൽ 2 സെക്യൂരിറ്റി ജീവനക്കാരെ കേരള സ്റ്റേറ്റ് എക്സ് സർവ്വീസ് മെൻ ഡവലപ്മെന്റ് & റീഹാബിലിറ്റേഷൻ കോർപ്പറേഷൻ മുഖേനയും ഒരു ശുചീകരണ തൊഴിലാളിയെ കുടുംബശ്രീ മുഖേനയും താല്ക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനും അനുമതി നൽകാവുന്നതാണോ?.